ഉത്തരം

(എ) ജിം-ൽ ഒപ്പുവച്ച പദ്ധതികളുമായി ബന്ധപ്പെട്ട് കെ. എസ്. ഐ. ഡി. സി., കിൻഫ്ര തുടങ്ങിയ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും ഭൂമി ഒന്നും ഏറ്റെടുത്തിട്ടില്ല.

(ബി, സി) ചോദ്യം ബാധകമല്ല.

(ഡി) ജിം-ൽ ഒപ്പുവച്ച പദ്ധതികൾ നടപ്പിലാക്കേണ്ടുന്ന പൂർണ്ണമായ ചുമതല അതാതു വകുപ്പുകൾക്കാണ്. സർക്കാർ രൂപീകരിച്ച നിക്ഷേപ പ്രോൽസാഹന ബോർഡ് പദ്ധതികൾക്ക് തത്വാധിഷ്ഠിത അനുമതി നൽകുന്ന ദ്രുത സംവിധാനമായും പ്രവർത്തിക്കുന്നു.

(ഇ) ജിം-ൽ ഒപ്പുവച്ചതും സർക്കാർ തത്വാധിഷ്ഠിത അനുമതി നൽകിയിട്ടുള്ളതുമായ 40 പദ്ധതികളിൽ സർക്കാരിന്റെ സ്ഥലം വേണ്ടിവരാൻ സാധ്യതയുള്ള പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. †

(എഫ്, ജി) നിലവിലുള്ള നിയമം ഇക്കാര്യത്തിൽ ബാധകമാണ്. എന്നാൽ ഇതോടനുബന്ധിച്ച് വ്യവസായ (നിക്ഷേപ പ്രോത്സാഹന) വകുപ്പ് പുറത്തിറക്കിയിട്ടുള്ള ഒരു ഉത്തരവിന്റെ പകർപ്പ് കൂടി അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്. ††

(എച്ച്) ചോദ്യത്തിന്റെ എ വിഭാഗത്തിന് നൽകിയിട്ടുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

## കൈത്തറി, കയർ, കരകൗശല, കശുവണ്ടി സഹകരണ സംഘങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ

7 [5563] ശ്രീ. ടി. കെ. ബാലൻ:
„ പിരപ്പൻകോട് മുരളി:
„ രാജു എബ്രഹാം:

ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കൈത്തറി, കയർ, കരകൗശല, കശുവണ്ടി, സഹകരണ സംഘങ്ങൾക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായങ്ങൾ എന്തൊക്കെയാണ്;

(ബി) വ്യവസായ വകുപ്പിന്റെ നിർദ്ദിഷ്ട പുനഃസംഘടനാ റിപ്പോർട്ടിൽ ഇത്തരം സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനെ സംബന്ധിച്ച് കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

---

†, †† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ നിർദ്ദേശങ്ങളിൻമേൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വ്യവസായ സഹകരണ സംഘങ്ങളുടെ ശോച്യാവസ്ഥ പരിഗണിച്ച് കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കയർ മേഖലയിൽ എം. ഡി. എ. നൽകി വരുന്നു. സംയോജന കയർ വികസന പദ്ധതി പ്രകാരം നടപ്പിലാക്കിയ യന്ത്രവൽകൃത റാട്ടുകൾ, വില്ലോയിംഗ് യന്ത്രം, ഡീഫൈബറിംഗ് യന്ത്രം എന്നിവ പ്രവർത്തനക്ഷമമാക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ യന്ത്രങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകിവരുന്നു. പ്രവർത്തന മൂലധനത്തിന്റെ 50% മാർജിൻ മണിയായി നൽകിവരുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കാൻ സാധിക്കാത്ത സഹകരണ സംഘങ്ങൾക്ക് 25% വരെ മാർജിൻമണി വായ്പയായി ലഭ്യമാക്കുന്നു. ചെറുകിട കയർ ഉല്പന്നങ്ങൾക്കായി പൊതു സൗകര്യ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകി വരുന്നു. കരകൗശല മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ഗവൺമെന്റ് ഷെയർ പാർട്ടിസിപ്പേഷൻ നൽകിവരുന്നു. കൈത്തറി മേഖലയിലെ സഹകരണ സംഘങ്ങൾക്ക് പ്രൈമറി നെയ്ത്തുകാരുടെ സഹകരണ സംഘങ്ങൾ വഴി കൈത്തറി വ്യവസായ വികസനം, ടി സഹകരണ സംഘങ്ങൾക്ക് സർക്കാർ ഓഹരി പങ്കാളിത്തം, ഹാൻടെക്സും ഹാൻവീവും അടക്കമുള്ള സൊസൈറ്റികൾക്ക് വിപണനവും കയറ്റുമതിയും പ്രോത്സാഹന പദ്ധതി, പ്രൈമറി സംഘങ്ങളിലെ ഉദ്യോഗസ്ഥർക്കും തൊഴിലാളികൾക്കും പരിശീലന പരിപാടി ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി, ഹാൻടെക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം ആധുനീകരണത്തിനും നിലവാരം ഉയർത്തുന്നതിനുമുള്ള പദ്ധതി, ഹാൻവീവിനും ഹാൻടെക്സിനും ആവശ്യാധിഷ്ഠിത ഉല്പാദനത്തിന് ധനസഹായം, വീടും പണിശാലയും നിർമ്മിക്കുന്നതിനുള്ള പദ്ധതി എന്നിവ മുഖാന്തിരം ധനസഹായം നൽകിവരുന്നു. കശുവണ്ടി മേഖലയിൽ കാപ്പെക്സ്, കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ എന്നിവ മുഖാന്തിരം കശുവണ്ടി തൊഴിലാളികൾക്ക് 'സേഫ്റ്റി നെറ്റ്' പരിപാടി നടപ്പാക്കിവരുന്നു.

(ബി, സി) വ്യവസായ വകുപ്പിന്റെ നിർദ്ദിഷ്ട ഭരണപരമായ പുനഃസംഘടനാ റിപ്പോർട്ടിൽ സഹകരണ സംഘങ്ങൾക്കുള്ള സാമ്പത്തിക സഹായത്തെക്കുറിച്ചുള്ള നിർദ്ദേശങ്ങളില്ല.

(ഡി) ബഡ്ജറ്റിൽ വകയിരുത്തിയ തുകയനുസരിച്ച് എല്ലാ മേഖലയിലേയും സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

ചെറുകിട വ്യവസായങ്ങൾക്ക് വില്പന നികുതി ഇളവ്

8 [5564] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly